**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** **12-02-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്ത്നാട് മണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ. അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്ത്നാട് മണ്ഡലത്തിൽ ഗവൺമെന്റ് തലത്തിൽ ഐ. ടി. ഐ. ഇല്ലെന്നതും ഇവിടെ സർക്കാർ തലത്തിൽ ഒരു ഐ. ടി. ഐ. അനുവദിക്കണമെന്ന ആവശ്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കുന്നത്ത്നാട് മണ്ഡലത്തിൽ ഗവൺമെന്റ് ഐ.ടി.ഐ അനുവദിക്കണമെന്നത് സംബന്ധിച്ച് ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | ബി. പി. സി.എൽ., എച്ച്.ഒ.സി., ഐ. ഒ. സി., എഫ്.എ.സി.ടി., കിൻഫ്ര എന്നിവ അടക്കം പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന കുന്നത്ത്നാട് മണ്ഡലത്തിൽ ഒരു സർക്കാർ ഐ.ടി.ഐ. അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പുതിയ ഐ.ടി.ഐകൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ നിർമ്മാണം, ഉപകരണ സംഭരണം, തസ്തിക സൃഷ്ടിക്കൽ എന്നീ മേഖലകളിലെല്ലാം സാമ്പത്തികം ആവശ്യമാണ്. സർക്കാരിന്റെ നിലവിലെ സ്ഥിതിയിൽ പുതിയ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ കുന്നത്ത്നാട് മണ്ഡലത്തിൽ പുതിയ ഐ.ടി.ഐകൾ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണിക്കാൻ കഴിയുന്നതല്ല. |
| (സി) | വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന സ്ഥലത്തോട് ചേർന്ന് കിടക്കുന്ന 3 ഏക്കർ സ്ഥലത്ത് ഒരു ഗവൺമെന്റ് ഐ. ടി. ഐ. ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | പുതിയ ഐ.ടി.ഐകൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ നിർമ്മാണം, ഉപകരണ സംഭരണം, തസ്തിക സൃഷ്ടിക്കൽ എന്നീ മേഖലകളിലെല്ലാം സാമ്പത്തികം ആവശ്യമാണ്. സർക്കാരിന്റെ നിലവിലെ സ്ഥിതിയിൽ പുതിയ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ കുന്നത്ത്നാട് മണ്ഡലത്തിൽ പുതിയ ഐ.ടി.ഐകൾ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണിക്കാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ